കൽപ്പറ്റ നിയോജകമണ്ഡലം

66(764) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആരോഗ്യ വകുപ്പ് മുഖേന കൽപ്പറ്റ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ച് വർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ആയതിനു വകയിരുത്തിയ തുക എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി)

നമ്പർ	പദ്ധതി	തുക വകയിരുത്തിയത്	തുക ചെലവഴിച്ചത്
1	കൽപ്പറ്റ ജനറൽ ആശുപത്രിയിൽ പുതിയ കെട്ടിട നിർമ്മാണം	7.2 കോടി രൂപ	7.2 കോടി രൂപ
2	താലൂക്ക് ആശുപത്രി വൈത്തിരിയിൽ ജീവനക്കാരുടെ താമസ സൗകര്യം	75 ലക്ഷം രൂപ	75 ലക്ഷം രൂപ
3	ഡി.ഇ.ഐ.സി. ഇലക്ട്രിസിറ്റി വാട്ടർകണക്ഷൻ	1 ലക്ഷം രൂപ	1 ലക്ഷം രൂപ
4	കൽപ്പറ്റ (കൈനാട്ടി) ജനറൽ ആശുപത്രി എച്ച്.ടി. ലൈൻ കണക്ഷൻ	45 ലക്ഷം രൂപ	-
5	വൈത്തിരി താലൂക്ക് ആശുപത്രി വാർഡ് നവീകരണം	1 കോടി രൂപ	1 കോടി രൂപ
6	ജീവനക്കാരുടെ താമസ സൗകര്യം (ജനറൽ ആശുപത്രി കൽപ്പറ്റ)	75 ലക്ഷം രൂപ	75 ലക്ഷം രൂപ
7	വൈത്തിരി താലൂക്ക് ആശുപത്രി മെറ്റേണിറ്റി യൂണിറ്റ് നിർമ്മാണം	154 ലക്ഷം രൂപ	
8	നബാർഡ് XVII കാപ്പുകന്ന് പി.എച്ച്.സി. കെട്ടിട നിർമ്മാണം	46.74 ലക്ഷം രൂപ	44.0425 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

(സി) 1. കൽപ്പറ്റ (കൈനാട്ടി) ജനറൽ ആശുപത്രി എച്ച്.റ്റി. ലൈൻ കണക്ഷൻ - 45 ലക്ഷം രൂപ.

2. വൈത്തിരി താലൂക്ക് ആശുപത്രി മെറ്റേണിറ്റി യൂണിറ്റ് നിർമ്മാണം - 154 ലക്ഷം രൂപ, സാമ്പത്തിക പരിമിതിമൂലം നിർമ്മാണ പ്രവർത്തനം ഇടങ്ങിയിട്ടില്ല.

മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രാത്രികാലത്തെ ഡോക്ടർമാരുടെ സേവനം

67(765) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിലുള്ള ഏക കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായ മാലിപ്പുറം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ രാത്രികാലത്ത് ഡോക്ടർമാരുടെ സേവനം ഉറപ്പാക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത സെന്ററിന്റെ പശ്ചാത്തല വികസനത്തിന് ഈ സർക്കാർ അധികാരത്തിലെത്തിയതിനു ശേഷം ഏതെല്ലാം പ്രവൃത്തികൾക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിലവിൽ കാഷ്വാൽറ്റി സംവിധാനമില്ല. 24 മണിക്കൂർ സേവനത്തിന് കാഷ്വാൽറ്റി സംവിധാനം താലൂക്ക് ആശുപത്രി തലം മുതൽ മുകളിലേക്കാണുള്ളത്. മാലിപ്പുറം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റികൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽനിന്നും 17,85,301 രൂപ (പതിനേഴ് ലക്ഷത്തി എൺപത്തി അയ്യായിരത്തി മൂന്നൂറ്റി ഒന്ന് രൂപ മാത്രം) നാളിതുവരെ താഴെപ്പറയുന്ന അടിസ്ഥാന സൗകര്യ വികസനത്തിനായി ഉപയോഗിച്ചിട്ടുണ്ട്.

1. ഐ.പി. ബിൽഡിംഗിന്റെ മുകളിൽ പരിക്കനിട്ട് ടൈൽ വർക്ക് നടത്തി.

2. ഐ.പി. ബിൽഡിംഗിൽ പുതിയ ടൈൽ വിരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly